# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1870 07.03.2018 — ൽ മറുപടിക്ക്

## അരിച്ചാക്കുകളിൽ അരിയുടെ കുറവുണ്ടാകുന്നുവെന്ന പരാതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.എസ്. ശിവകുമാർ<br>,, കെ.എസ്.ശബരീനാഥൻ<br>,, എം .വിൻസെന്റ്<br>,, വി.പി.സജീന്ദ്രൻ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സപ്ലൈകോ ഗോഡൗണു കളിൽ നിന്നും വാതിൽപ്പടി വിതരണം വഴി റേഷൻ കടകളിൽ എത്തുന്ന അരിച്ചാക്കുകളിൽ അരിയുടെ കുറവുണ്ടാകുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഇതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; പരിശോധനയിൽ കണ്ടെത്തിയ കാര്യം വ്യക്തമാക്കുമോ; | (ബി) യും (സി) യും | 14.09.17ലെ സർക്കാർ ഉത്തരവ് (സാധാ)നം.310/17/F&CSD പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാനതല ഇൻസ്പെക്ഷൻ സ്ക്വാഡ് മേനംകുളം NFSA PDS ഗോഡൗണിൽ 15.01.2018 ന് നടത്തിയ പരിശോധനയിൽ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിൽ കുറവ് കണ്ടെത്തിയിരുന്നു. ഇതിനെ തുടർന്ന് ലീഗൽ മെട്രോളജി, റേഷനിംഗ് കൺട്രോളർ എന്നിവർ തുടർന്നുള്ള ദിവസങ്ങളിലും ഗോഡൗണിൽ പരിശോധന നടത്തി താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി. |
| (സി) മേനംകുളം കിൻഫ്രാ പാർക്കിലെ സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണിൽ നിന്ന് കരിഞ്ചന്തക്ക് കടത്താൻ സൂക്ഷിച്ചിരുന്ന അരി പിടിച്ചെടുത്തിട്ടുണ്ടോ; | | |

| ക്രമ നം. | ഇനം | കമ്പ്യൂട്ടർ രേഖകൾ പ്രകാരം നീക്കിയിരിപ്പ് | ഭൗതിക സ്റ്റോക്ക് | വ്യത്യാസം |
|---|---|---|---|---|
| 1 | പുഴുക്കലരി | 8746.44 | 8627.56 | 118.92(കുറവ്) |
| 2 | പച്ചരി | 6248.34 | 7737.64 | 1489.30(കൂടുതൽ) |
| 3 | സി.എം.ആർ | 3600 | 3582.2 | 17.80(കുറവ്) |
| 4 | ഗോതമ്പ് | 3927.47 | 3983.73 | 56.26(കൂടുതൽ) |

| | | | |
|---|---|---|---|
| (ഡി) | ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) | മേനംകുളം ഗോഡൗണിലെ ഓഫീസർ ഇൻ ചാർജ്ജിനെ സ.ഉ(സാധാ)നം. 34/18/ഭ.പൊ.വി.വ തീയതി 24.01.18 പ്രകാരം സസ്പെൻഡ് ചെയ്യുകയും 15.02.18 ലെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ നടപടിക്രമം നം. (സി.എസ്) ബി.03.502/2017 പ്രകാരം തിരുവനന്തപുരം താലൂക്ക് സപ്ലൈ ഓഫീസറെ ജില്ല വിട്ട് സ്ഥലം മാറ്റുന്നതിനും ഗോഡൗണിലെ മറ്റ് ജീവനക്കാരെ തിരുവനന്തപുരം മേഖലാ മാനേജർ, സപ്ലൈകോയുടെ 03.02.18 ലെ നടപടിക്രമം നം. റ്റി1-02/18 പ്രകാരം അടിയന്തിരമായി സ്ഥലം മാറ്റുന്നതിനും ഉത്തരവുകൾ നൽകിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - അനഭിലഷണീയമായ കച്ചവട രീതികൾക്കെതിരെയുള്ള സംസ്ഥാനതല ഇൻസ്പെക്ഷൻ സ്ക്വാഡ് - പുന:സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം. 310/2017/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 14.09.2017

==========================================================================

പരാമർശം: 1. സ.ഉ.(സാധാ) നം. 45/08/ഉ.ക.വ തീയതി 09.04.2008.
2. സ.ഉ.(സാധാ) നം. 01/13/ഉ.ക.വ തീയതി 04.01.2013.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനഭിലഷണീയമായ കച്ചവട രീതികൾക്കും ചൂഷണങ്ങൾക്കും തടയിടുക എന്ന ലക്ഷ്യത്തോടു കൂടി ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു സംസ്ഥാനതല ഇൻസ്പെക്ഷൻ സ്ക്വാഡ് രൂപീകരിക്കുകയും പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ആയത് പുന:സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഇൻസ്പെക്ഷൻ സ്ക്വാഡ് നിലവിലെ തസ്തികകൾക്ക് അനുസരിച്ച് രണ്ട് ടീമുകളായി പുന:സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടീം-1

| ഡെപ്യൂട്ടി സെക്രട്ടറി | തലവൻ |
|---|---|
| സെക്ഷൻ ഓഫീസർമാർ, ഭക്ഷ്യ പൊതുവിതരണ (ബി & സി) വകുപ്പ്<br>ഭക്ഷ്യ പൊതുവിതരണ (എ & ബി) വകുപ്പിലെ അസിസ്റ്റന്റുമാരും, ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പിലെ 1 അസിസ്റ്റന്റും, ഉപഭോക്തൃ കാര്യ വകുപ്പിലെ 1 അസിസ്റ്റന്റും | അംഗങ്ങൾ |

ടീം-2

| അണ്ടർ സെക്രട്ടറി-I / അണ്ടർ സെക്രട്ടറി-II | തലവൻ |
|---|---|
| സെക്ഷൻ ഓഫീസർമാർ, ഭക്ഷ്യ പൊതുവിതരണ (എ, ഡി & ഉപഭോകതൃ കാര്യ) വകുപ്പ്<br>ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പിലെയും ഉപഭോക്തൃ കാര്യ വകുപ്പിലെയും ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പിലെയും അസിസ്റ്റന്റുമാർ | അംഗങ്ങൾ |

മേൽ ടീമുകൾ പരിശോധനയ്ക്ക് പോകുന്ന അവസരങ്ങളിൽ സ്പെഷ്യൽ സെക്രട്ടറിയുടെ സേവനം ആവശ്യാനുസരണം ഉപയോഗപ്പെടുത്തേണ്ടതാണ്.

സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ്, സിവിൽ സപ്ലൈസ് ഡയറക്ടറേറ്റ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവിടങ്ങളിൽ നിന്നുള്ള അനുയോജ്യരായ ഉദ്യോഗസ്ഥരെയും ആവശ്യമായ സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. ആയതിലേയ്ക്ക് സിവിൽ സപ്ലൈസ് കമ്മീഷണർ, സിവിൽ സപ്ലൈസ് ഡയറക്ടർ, ലീഗൽ മെട്രോളജി കൺട്രോളർ എന്നിവർ, ഇൻസ്പെക്ഷൻ ടീം തലവൻ ആവശ്യപ്പെടുന്ന അവസരങ്ങളിൽ ആവശ്യമായ ഉദ്യോഗസ്ഥരുടെ സേവനം അപ്പപ്പോൾ വിട്ടു നല്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഇൻസ്പെക്ഷൻ സ്ക്വാഡ് പ്രധാനമായും താഴെപ്പറയുന്ന കാര്യങ്ങളാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത്.

1. റേഷൻ കടകളിൽ സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ ?
2. മാവേലി സ്റ്റോറുകളുടേയും/ സപ്ലൈകോ ഔട്ട് ലെറ്റുകളുടേയും, സപ്ലൈകോ ഗോഡൗണുകളുടേയും, ഇന്റർ മീഡിയറി ഗോഡൗണുകളുടേയും പ്രവർത്തനം പരിശോധിക്കുക.
3. ഗാർഹിക ആവശ്യത്തിനുള്ള ഗ്യാസ് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ ?
4. ഗ്യാസ് ബുക്കു ചെയ്ത ക്രമ പ്രകാരം വിതരണം നടത്തുന്നുണ്ടോ ?
5. അളവു തൂക്ക ഉപകരണങ്ങൾ ശരിയായ വിധം പ്രവർത്തിക്കുന്നതാണോ ?
6. പാക്കേജ് സാധനങ്ങളിൽ പാക്കേജ്ഡ് കമ്മോഡിറ്റീസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള പ്രസ്താവനകൾ രേഖപ്പെടുത്തിയിട്ടുണ്ടോ, തെറ്റായ കച്ചവട രീതികൾ നടത്തുന്നുണ്ടോ ?
7. സാധനങ്ങൾക്ക് അധിക വില ഈടാക്കുന്നുണ്ടോ ?
8. ജനങ്ങൾക്ക് താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നും മെച്ചപ്പെട്ട സേവനം ലഭിക്കുന്നുണ്ടോ, ഉപഭോക്താക്കൾക്ക് ആവശ്യമായ രേഖകൾ നിശ്ചിത സമയ പരിധിക്കകം ലഭിക്കുന്നുണ്ടോ ? (രജിസ്റ്ററുകൾ ഉൾപ്പെടെയുള്ള റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്).
9. ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധനകൾ കൃത്യമായി നടക്കുന്നുണ്ടോ / SDP സ്കീം വഴി വാങ്ങിയ സാധനങ്ങൾക്ക് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ടോ /മെയിന്റനൻസ് നടത്തുന്നുണ്ടോ? SDP സ്കീം വഴി വാങ്ങിയ വാഹനങ്ങൾ ശരിയായ വിധത്തിലാണോ ഉപയോഗിക്കുന്നത് ? റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്.
10. ജില്ലാ സപ്ലൈ ഓഫീസർ / താലൂക്ക് സപ്ലൈ ഓഫീസർ / റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ കൃത്യമായി പരിശോധനകൾ നടത്തുന്നുണ്ടോ ? പരിശോധനയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?
11. പെട്രോൾ പമ്പുകളിൽ അളവ് മുദ്ര പതിപ്പിക്കുന്നത് ശാസ്ത്രീയമായ രീതിയിൽ നിലവിലുള്ള നിർദ്ദേശാനുസരണമാണോ ? സർട്ടിഫിക്കറ്റിൽ സീൽ ഇടുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്താറുണ്ടോ ? എത്ര സീൽ എവിടെയൊക്കെ ഇട്ടിട്ടുണ്ട് എന്നത് രേഖപ്പെടുത്താറുണ്ടോ? അവ കുറ്റമറ്റ രീതിയിലാണോ ? സർട്ടിഫിക്കറ്റ് പ്രദർശിപ്പിച്ചിട്ടുണ്ടോ ?
12. ലീഗൽ മെട്രോളജി വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും നടത്തുന്ന പരിശോധനകൾക്ക് കൃത്യമായ റിപ്പോർട്ടുകൾ തയ്യാറാക്കാറുണ്ടോ, കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ടോ ?
13. തൃപ്തികരമല്ലാത്ത സിവിൽ സപ്ലൈസ് / ലീഗൽ മെട്രോളജി വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ അന്വേഷണ റിപ്പോർട്ടിന്മേൽ പുനരന്വേഷണത്തിന് ശിപാർശ നല്കുക.

14. ലീഗൽ മെട്രോളജി വകുപ്പ് സ്റ്റാമ്പ് ചെയ്ത എക്യുപ്മെന്റിന്റെ കാലിബ്രേഷൻ ശരിയാണോ എന്ന് പരിശോധിക്കുക.

15. മേൽപ്പറഞ്ഞ വിഷയങ്ങൾക്കു പുറമേ ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങൾ, ചൂഷണങ്ങൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ.

16. ഉപഭോക്തൃ താല്പര്യ സംരക്ഷണാർത്ഥമുള്ള ഏതു കാര്യങ്ങളും സ്ഥാപനങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുക.

ഇത്തരം പരിശോധനാവേളയിൽ കണ്ടുപിടിക്കപ്പെടുന്ന കുറ്റകൃത്യങ്ങൾക്ക് ഉത്തരവാദികളായ വ്യാപാരികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വിഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെയും നടപടികൾ സ്വീകരിക്കുന്നതാണ്. സ്ക്വാഡിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമെങ്കിൽ ജില്ലയിലെ പോലീസ് സൂപ്രണ്ടിന്റെ / ജില്ലാ കളക്ടറുടെ സഹായം തേടാവുന്നതാണ്.

ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ പരാമർശിക്കപ്പെടുന്ന നിർദ്ദേശങ്ങൾ/ പരാതികൾ സംബന്ധിച്ച അനന്തര നടപടികൾ പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി**
**സ്പെഷ്യൽ സെക്രട്ടറി**

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) കേരളം, തിരുവനന്തപുരം.
സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം.
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം.
കൺട്രോളർ, ലീഗൽ മെട്രോളജി, തിരുവനന്തപുരം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, മാവേലി ഭവൻ, കൊച്ചി
ജില്ലാ കളക്ടർ, ..........
ജില്ലാ പോലീസ് സൂപ്രണ്ട്, ..........
ജില്ലാ സപ്ലൈ ഓഫീസർ, ..........
ആഭ്യന്തര വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
റവന്യൂ വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഭക്ഷ്യ പൊതുവിതരണ (എ, ബി, സി, സി.എ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പകർപ്പ്:**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ
ഡെപ്യൂട്ടി സെക്രട്ടറി/ അണ്ടർ സെക്രട്ടറി-I /അണ്ടർ സെക്രട്ടറി-II, ഭക്ഷ്യ പൊതുവിതരണ വകുപ്പ്

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യപൊതുവിതരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം താലൂക്ക് സപ്ലൈകോ പി.ഡി.എസ് ഗോഡൗൺ ഓഫീസർ-ഇൻ-ചാർജ്ജ് ശ്രീമതി.മനുജ.ആർ.വി-യെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു - ഉത്തരവാകുന്നു.

**ഭക്ഷ്യപൊതുവിതരണ (എ) വകുപ്പ്**

**സ.ഉ.(സാധാ)നം.34/2018/ഭ.പൊ.വി.വ. തീയതി, തിരുവനന്തപുരം, 24.01.2018**

പരാമർശം : 1) സർക്കുലർ നം.1612306/എ 3/17/ഭ.പൊ.വി.വ. തീയതി. 11.07.2017.
2) സ.ഉ (സാധാ)നം.310/2017/ഭ.പൊ.വി.വ തീയതി. 14.09.2017

**ഉത്തരവ്**

ഭക്ഷ്യപൊതുവിതരണ വകുപ്പിലെ സംസ്ഥാന തല ഇൻസ്പെക്ഷൻ ടീം 15.01.2018 തീയതിയിൽ തിരുവനന്തപുരം താലൂക്ക് മേനംകുളം എൻ.എഫ്.എസ്.എ പി.ഡി.എസ് ഗോഡൗണിൽ മിന്നൽ പരിശോധന നടത്തുകയും സി.എം.ആർ ന്റെ സ്റ്റോക്ക് വിശദമായി പരിശോധിക്കുകയും ആയതിൽ 86.69 ക്വിന്റലിന്റെ കുറവ് കണ്ടെത്തുകയും ചെയ്തു. സി.എം.ആർ ന്റെ 4649 ചാക്കുകളിൽ ചാക്കൊന്നിൽ 2 കിലോഗ്രാം വീതം കുറവ് കണ്ടെത്തി. തുടർന്ന് 16.01.2018 ൽ ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ടി കുറവ് ബോധ്യപ്പെടുകയും കുറവ് കണ്ടെത്തിയ ചാക്കുകളിൽ നിന്നും സാമ്പിൾ ആയി 10 ചാക്ക് കണ്ടുകെട്ടി അനന്തര നടപടികൾക്കായി ബന്തവസ്സിൽ എടുക്കുകയും ചെയ്തു. തുടർന്ന് സർക്കാർ നിർദ്ദേശ പ്രകാരം റേഷനിംഗ് കൺട്രോളർ, ജില്ലാ സപ്ലൈ ഓഫീസർ, സപ്ലൈകോ റീജിയണൽ മാനേജർ, തിരുവനന്തപുരം താലൂക്ക് സപ്ലൈ ഓഫീസർ, സപ്ലൈകോ അസിസ്റ്റന്റ് മാനേജർ, ജില്ലയിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ 16.01.2018 മുതൽ 18.01.2018 വരെ ഗോഡൗണിൽ വിശദമായ പരിശോധന നടത്തുകയും ഭക്ഷ്യധാന്യങ്ങളിൽ താഴെ പറയും പ്രകാരമുള്ള കുറവ് കണ്ടെത്തുകയും ചെയ്തു. ഭൗതിക സ്റ്റോക്കിലും ഗോഡൗണിലെ കമ്പ്യൂട്ടർ സ്റ്റോക്കിലുമുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു:-

| ക്രമ നം. | ഇനം | കമ്പ്യൂട്ടർ രേഖകൾ പ്രകാരം നീക്കിയിരിപ്പ് (ക്വിന്റൽ) | ഭൗതിക സ്റ്റോക്ക് (ക്വിന്റൽ) | വ്യത്യാസം (ക്വിന്റൽ) |
|---|---|---|---|---|
| 1 | പുഴുക്കലരി | 8746.44 | 8627.56 | 118.92(കുറവ്) |
| 2 | പച്ചരി | 6248.34 | 7737.64 | 1489.30(കൂടുതൽ) |
| 3 | സി.എം.ആർ | 2680 | 2593.31 | 86.69(കുറവ്) |
| 4 | ഗോതമ്പ് | 3927.47 | 3983.73 | 56.26(കൂടുതൽ) |

2) ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനായി റേഷൻ കടകൾക്ക് തൂക്കി നല്കാത്ത സാഹചര്യത്തിലാണ് ഭക്ഷ്യധാന്യങ്ങൾ കൂടുതൽ കണ്ടെത്തിയതും ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിയതിലെ

ക്രമക്കേടുകൾ കാരണമാണ് കുറവ് കണ്ടെത്തിയതും . ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകൾക്ക് നൽകി നല്കണമെന്ന് സർക്കാർ ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിൽ വ്യത്യാസം കാണുന്നത് വളരെ ഗൗരവതരമായാണ് സർക്കാർ കണക്കാക്കുന്നത്. ഗോഡൗൺ ചാർജ്ജുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഇത്തരം വീഴ്ചകൾ നിരന്തരം ഉണ്ടാകുന്നത് ഒട്ടും ആശാസ്യമല്ല. വാതിൽപ്പടി റേഷൻ വിതരണം കാര്യക്ഷമമായി നടത്തുന്നതിൽ താലൂക്ക് ഡിപ്പോകൾ സുപ്രധാനമായ പങ്ക് വഹിക്കേണ്ടതുണ്ട്. അതിലെ ജീവനക്കാർ ഉത്തരവാദിത്വത്തോടും കാര്യക്ഷമമായും പ്രവർത്തിച്ചാൽ മാത്രമേ പൊതുവിതരണ സമ്പ്രദായത്തിലെ ചോർച്ച തടയുവാൻ കഴിയുകയുള്ളൂ. ഭക്ഷ്യധാന്യ വിതരണത്തിൽ ഗോഡൗണുകളിൽ സംഭവിക്കുന്ന മേൽ വിവരിച്ച പ്രകാരമുള്ള ക്രമക്കേടുകൾ സർക്കാർ ഗൗരവതരമായാണ് കണക്കാക്കുന്നത്. ഇത്തരത്തിൽ പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

4) മേൽ സാഹചര്യത്തിൽ, മേനംകുളം എൻ.എഫ്.എസ്.എ പി.ഡി.എസ് ഗോഡൗണിൽ ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ കണ്ടെത്തിയ ക്രമക്കേടിനും സ്റ്റോക്കിൽ കണ്ട കുറവിനും ഉത്തരവാദിയായ ഓഫീസർ-ഇൻ-ചാർജ്ജ് ശ്രീമതി.മനുജ.ആർ.വി-യെ ഉടൻ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് അച്ചടക്ക നടപടിയ്ക്ക് വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു. ടിയാരിക്ക് ചട്ടപ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. പൊതുവിതരണ ഡയറക്ടർ ഈ ഉത്തരവ് ശ്രീമതി.മനുജ.ആർ.വിയ്ക്ക് നടത്തി, നടത്തു പ്രതി അടിയന്തിരമായി സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**പി.കെ.സീതാലക്ഷ്മി അമ്മ**
**സ്പെഷ്യൽ സെക്രട്ടറി**

സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, മാവേലി ഭവൻ, കൊച്ചി-20
ജില്ലാ സപ്ലൈ ഓഫീസർ, തിരുവനന്തപുരം
റീജിയണൽ മാനേജർ, സപ്ലൈകോ, തിരുവനന്തപുരം
താലൂക്ക് സപ്ലൈ ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം,
ശ്രീമതി.മനുജ.ആർ.വി, ഓഫീസർ-ഇൻ-ചാർജ്ജ്, സപ്ലൈകോ പി.ഡി.എസ് ഗോഡൗൺ, തിരുവനന്തപുരം
-( സിവിൽ സപ്ലൈസ് ഡയറക്ടർ മുഖേന).

വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പകർപ്പ്:-**

1) ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2) ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

# സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം,

## സിവിൽ സപ്ലൈസ് ഡയറക്ടറുടെ നടപടി ക്രമം

**(ഹാജർ-ഡോ: നരസിംഹ ഗാരി റ്റി.എൽ റെഡ്ഡി,ഐ.എ.എസ്)**

നം(സി.എസ്) ബി.03.502/2017 തിരുവനന്തപുരം, തീയതി - 15.02.2018

വിഷയം – പൊതുവിതരണം ജീവനക്കാര്യം-ശ്രീമതി. ജലജ ജി.എസ് റാണി താലൂക്ക് സപ്ലൈ ഓഫീസറെ സ്ഥലംമാറ്റി നിയമിക്കുന്നത് - ഉത്തരവാകുന്നത് സംബന്ധിച്ച്

സൂചന - 1. സർക്കാർ കത്ത് നം. എ2/27/18/ഭ.പൊ.വി.വ, തീയതി

**************************************************

സർക്കാരിൽ നിന്നുള്ള പരിശോധന ടീം തിരുവനന്തപുരം താലൂക്ക് മേനംകുളം പി.ഡി.എസ് ഗോഡൌണിൽ നടത്തിയ മിന്നൽ പരിശോധനയിലും റേഷനിംഗ് കൺട്രോളറുടെ പരിശോധന റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ തിരുവനന്തപുരം താലൂക്ക് സപ്ലൈ ഓഫീസറെ അടിയന്തിരമായി ജില്ല വിട്ട് സ്ഥലംമാറ്റണമെന്ന് സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്

പ്രസ്തുത സാഹചര്യത്തിൽ തിരുവനന്തപുരം താലൂക്ക് സപ്ലൈ ഓഫീസറായ ശ്രീമതി ജലജ ജി.എസ് റാണിയെ എറണാകുളം ജില്ലയിൽ കൊച്ചി സിറ്റി റേഷനിംഗ് ഓഫീസിൽ കൊച്ചി സിറ്റി റേഷനിംഗ് ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച്

തിനാൽ ഉത്തരവാകുന്നു.

ശ്രീമതി. ജലജ ജി.എസ് റാണി എറണാകുളം ജില്ലാ സപ്ലൈ ഓഫീസർ മുൻപാകെ ജോലിയിൽ പ്രവേശിക്കേണ്ടതും, ടിയാൻ ജോലിയിൽ പ്രവേശിച്ച വിവരം എറണാകുളം ജില്ലാ സപ്ലൈ ഓഫീസർ ചുമതല കൈമാറ്റ റിപ്പോർട്ട് സഹിതം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-

സിവിൽ സപ്ലൈസ് ഡയറക്ടർ

ശ്രീമതി. ജലജ ജി.എസ് റാണി

പകർപ്പ് – 1. അക്കൌണ്ട് ജനറൽ (എ & ഇ)

2. ജില്ലാ സപ്ലൈ ഓഫീസർ, എറണാകുളം

3. ജില്ലാ സപ്ലൈ ഓഫീസർ, തിരുവനന്തപുരം

(ഉത്തരവ് നടപ്പിൽ വരുത്തി വിവരം ഇന്നുതന്നെ അറിയിക്കേണ്ടതാണ്)

4. കരുതൽ/അധികം

അംഗീകാരത്തോടെ

അസിസ്റ്റൻറ് സെക്രട്ടറി 1 (ic)

SUPPLYCO

ESSENTIAL REQUIREMENTS TO THE REACH OF EVERYONE
The Kerala State Civil Supplies Corporation Limited
(A fully owned Government of Kerala undertaking)

REGIONAL OFFICE,THIRUVANANTHAPURAM,
phone: 0471- 2317223, 0471-2315023
E-mail – rmtvm@supplycomail.com

CIN U52209KL1974SGC002615

റ്റി1 - 02 / 18 തീയതി - 03-02-18

## തിരുവനന്തപുരം മേഖലാ മാനേജരുടെ നടപടിക്രമം
## (ഹാജർ - ഗീതാകുമാരി.എസ് )

വിഷയം - സപ്ലൈകോ - ജീവനക്കാര്യം - തിരുവനന്തപുരം -മേനംകുളം പി.ഡി.എസ് ഗോഡൗണിലെ മിന്നൽ പരിശോധന - ജീവനക്കാരെ സ്ഥലം മാറ്റുന്നത് സർക്കാർ നിർദ്ദേശം ഉത്തരവാകുന്നു.

വായന - 1) ഗവ. സെക്രട്ടറിയുടെ എ2/27/17/ ഭ.പൊ.വി.വ നമ്പർ കത്ത്.
2) അഡീഷണൽ ജനറൽ മാനേജർ (പി ആന്റ് എ) യുടെ 02-02-18 ലെ ഡി9/ 09/18 നമ്പർ കത്ത്.

---

തിരുവനന്തപുരം ഡിപ്പോയുടെ കീഴിലുള്ള മേനംകുളം പി.ഡി.എസ് ഗോഡൗണിലെ മിന്നൽ പരിശോധനയോടനുബന്ധിച്ച് ആഫീസർ - ഇന്- ചാർജ്ജ് ഒഴികെയുള്ള മറ്റു ജീവനക്കാരെ അടിയന്തിരമായി സ്ഥലം മാറ്റി പകരം ജീവനക്കാരെ നിയമിക്കുവാൻ വായന - (1), (2) എന്നിവ പ്രകാരം ലഭിച്ച നിർദ്ദേശത്തിന്മേൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

| നം | ജീവനക്കാരന്റെ പേരും തസ്തികയും | നിലവിൽ ജോലി നോക്കുന്ന ഡിപ്പോ | സ്ഥലം മാറ്റം നൽകിയ ഡിപ്പോ |
|---|---|---|---|
| 1. | പ്രേം. ആർ.സി, ജൂനിയർ അസിസ്റ്റന്റ് | പി.ഡി.എസ് ഗോഡൗൺ മേനംകുളം | കരുനാഗപ്പള്ളി ഡിപ്പോ |
| 2. | സുലാൻജി.എസ്.എൽ, ജൂനിയർ അസിസ്റ്റന്റ് | പി.ഡി.എസ് ഗോഡൗൺ മേനംകുളം | പുനലൂർ ഡിപ്പോ |
| 3. | വിജി. വി, സീനിയർ അസിസ്റ്റന്റ് II | പി.ഡി.എസ് ഗോഡൗൺ മേനംകുളം | നെടുമങ്ങാട് ഡിപ്പോ |

കൂടാതെ ശ്രീകാര്യം പീപ്പിൾസ് ബസാറിൽ നിലവിൽ ജോലി നോക്കി വരുന്ന ശ്രീമതി. ആര്യ. അസിസ്റ്റന്റ് സെയിൽസ്മാനെയും മറ്റ് മൂന്ന് ജീവനക്കാരേയും മേനംകുളം പി.ഡി.എസ് ഡിപ്പോയിൽ അടിയന്തിരമായി നിയമിക്കുന്നതിനും മേൽ പ്രസ്താവിച്ച ജീവനക്കാരെ ടി ഡിപ്പോയുടെ ചുമതലകളിൽ നിന്നും വിടുതൽ ചെയ്തു പ്രസ്തുത വിവരം ഈ ആഫീസിൽ അറിയിക്കുവാൻ തിരുവനന്തപുരം ജില്ലാ ഡിപ്പോ മാനേജർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

നെടുമങ്ങാട്/ കരുനാഗപ്പള്ളി/പുനലൂർ ഡിപ്പോ മാനേജർമാർ ടിയാളുകളെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും പ്രവേശന തീയതി രേഖാമൂലം അറിയിക്കുകയും ചെയ്യേണ്ടതാണ്.

ഒപ്പ്
റീജിയണൽ മാനേജർ

സ്വീകർത്താവ് - വ്യക്തികൾക്ക്

പകർപ്പ് - 1. എ.ജി.എം.(പി & എ) ആമുഖ കത്ത് സഹിതം.
2. അസിസ്റ്റന്റ് മാനേജർ നെടുമങ്ങാട് / കരുനാഗപ്പള്ളി/ പുനലൂർ / തിരുവനന്തപുരം.